(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തൊഴിലെടുക്കുന്ന കുട്ടികൾക്ക് തൊഴിലുടമയുടെ പൂർണ്ണ ചെലവിൽ വിദ്യാഭ്യാസം നൽകണമെന്ന സുപ്രീംകോടതി വിധി

4 (*184) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന കുട്ടികൾക്കു തൊഴിൽ ഉടമയുടെ പൂർണ്ണചെലവിൽ വിദ്യാഭ്യാസം നൽകണമെന്ന 1996-ലെ സുപ്രീം കോടതിവിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏതെങ്കിലും തൊഴിലുടമ തൊഴിലെടുക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം നൽകി വരുന്നതായി തൊഴിൽ വകുപ്പിനു അറിവുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) 1996-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ തൊഴിൽ വിദ്യാഭ്യാസം വകുപ്പുകളുടെ സംയുക്ത സംരംഭമായി സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന കുട്ടികൾക്കായി സൗജന്യ വിദ്യാഭ്യാസം നൽകുന്നതിന് പുതിയൊരു പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) സംസ്ഥാനത്തെ തൊഴിലെടുക്കുന്ന കുട്ടികൾക്കു സർക്കാർ എന്തൊക്കെ സൗകര്യങ്ങളാണ് ഇപ്പോൾ നൽകിവരുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഇ) പ്രസ്തുത സൗകര്യങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുണ്ടെന്നു സർക്കാർ കരുതുന്നുണ്ടോ ;

(എഫ്) എങ്കിൽ ഇതിന്റെ ഭാഗമായി തൊഴിലെടുക്കുന്ന കുട്ടികൾക്കു സൗജന്യ വിദ്യാഭ്യാസം നൽകുന്ന പദ്ധതി സംസ്ഥാനത്തൊട്ടുക്ക് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) തൊഴിലെടുക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്ന ചുമതല സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ തൊഴിലുടമയുടെ പൂർണ്ണമായ ചെലവിൽ വിദ്യാഭ്യാസം

LIBRARY ARCHIVES Kerala Legislative Assembly

നൽകുകയെന്നത് ഇന്നത്തെ സാഹചര്യത്തിൽ പ്രായോഗികമല്ലാത്തതിനാലും സുപ്രീം കോടതിവിധി എത്രയും വേഗം നടപ്പാക്കേണ്ടിയിരുന്നതിനാലും സർക്കാർ ചെലവിൽ വിദ്യാഭ്യാസം നൽകാൻ തീരുമാനിക്കുകയാണുണ്ടായത്.

(സി) തൊഴിലെടുക്കുന്ന കുട്ടികൾക്ക് ഇപ്പോൾ സർക്കാർ നടപ്പിലാക്കി വരുന്ന അനൗപചാരിക വിദ്യാഭ്യാസം കൂടുതൽ സജീവമാക്കുന്നതോടൊപ്പം സംസ്ഥാനത്തെ തൊഴിലെടുക്കുന്ന മുഴുവൻ ബാലതൊഴിലാളികളെയും കണ്ടെത്തി അവർക്കു വിദ്യാഭ്യാസം നൽകുന്നതിനായിട്ടുള്ള പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു.

(ഡി) സംസ്ഥാനത്തു തൊഴിലെടുക്കുന്ന കുട്ടികൾക്കു 1986-ലെ ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റഗുലേഷൻ) ആക്ട് 1993-ലെ കേരള ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റഗുലേഷൻ) റൂൾസ് എന്നിവ അനുസരിച്ചുള്ള വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനു പുറമെ സുപ്രീം കോടതിയുടെ 1996-ലെ വിധിയുടെ അടിസ്ഥാനത്തിൽ തൊഴിലെടുക്കുന്ന കുട്ടികൾക്കു ദിവസം രണ്ട് മണിക്കൂർ വിദ്യാഭ്യാസം നൽകുന്നതിനായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലായി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഈ സെന്ററുകളിൽ എത്തുന്ന കുട്ടികൾക്കു ദിവസവും 10 രൂപാ നിരക്കിലുള്ള ലഘുഭക്ഷണവും, ഒരു ജോഡി യൂണിഫാറവും, പഠനോപകരണങ്ങളും, ഗെയിംസിനുള്ള ഉപകരണങ്ങളും നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു ജോടി യൂണിഫാറം തൊഴിലുടമ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്നു കാണുകയാണെങ്കിൽ ഇത് പരിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(എഫ്) സംസ്ഥാനത്തെ തൊഴിലെടുക്കുന്ന മുഴുവൻ ബാലതൊഴിലാളികളെയും കണ്ടെത്തി അവർക്കു വിദ്യാഭ്യാസം നൽകുന്നതിനായിട്ടുള്ള പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു നടപടി

5 (*185) ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly